**ഭരണഭാഷ- മാതൃഭാഷ**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തസ്വഭവ - ലൈഫ് മിഷൻ - ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ചുള്ള മാർഗ്ഗ രേഖ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്

**സ.ഉ.(സാധാ) നം.3218/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 21/12/2018

---

പരാമർശം:- 1 16.03.2018 ലെ സ . ഉ (കൈ)34/2018 തസ്വഭവ ഉത്തരവ്.

2 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 12-10-2018 തീയതിയിലെ എൽ.എഫ് 2/511/2017 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച് പരാമർശം 1) പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗ രേഖയിൽ ഭവനനിർമ്മാണത്തിന് പൊതു വിഭാഗത്തിനും പട്ടിക ജാതി വിഭാഗത്തിനും പട്ടികവർഗ്ഗ വിഭാഗങ്ങളിലെ സങ്കേതങ്ങളിൽ താമസിക്കാത്തവർക്കും 4 ലക്ഷം രൂപ, 4 ഗഡുക്കളായി (10%, 40%, 40%, 10%) അനുവദിക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്. ഇത്തരത്തിൽ തുക അനുവദിക്കുന്നത് ഭവന പൂർത്തീകരണത്തിന് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നതാണെന്ന് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മേധാവികളിൽ നിന്നും ലൈഫ് മിഷൻ ടീമുകൾ വിവിധ ജില്ലകളിൽ നടത്തിയ അവലോകന യോഗങ്ങളിൽ നിന്നും ബോധ്യമായിട്ടുണ്ട് എന്നും ആയതിനാൽ ഭവന നിർമ്മാണത്തിനുള്ള 4 ലക്ഷം രൂപയുടെ ധനസഹായം 4 ഗഡുക്കളായി (10%- 40,000, 40% - 1,60 ലക്ഷം, 25%- 1 ലക്ഷം, 25%- 1 ലക്ഷം) എന്ന വിധം പുനക്രമീകരിക്കുന്നത് ഭവന നിർമ്മാണ പൂർത്തീകരണത്തിന് ഉപകാരപ്രദമായിരിക്കുമെന്നും, കരാർ ചമക്കുന്ന മുറക്ക് അഡ്വാൻസ് ആയി 10% തുകയും ബേസ്മെന്റ് പൂർത്തികരണത്തിന് ശേഷം 40% തുകയും ലിന്റിൽ മട്ടം പൂർത്തീകരിക്കുമ്പോൾ 25% തുകയും ഭവന നിർമ്മാണം പൂർത്തീകരിക്കുമ്പോൾ ബാക്കി 25% തുകയും നൽകാവുന്നതാണ് എന്നും ഈ വിധം പരാമർശം (1) ഉത്തരവിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (2) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം( 1) ഉത്തരവിൽ ചുവടെ ചേർക്കുന്ന ഭേദഗതി വരുത്തി ഉത്തരവാകുന്നു.

ഭവന നിർമ്മാണത്തിനുള്ള 4 ലക്ഷം രൂപയുടെ ധനസഹായം 4 ഗഡുക്കളായി (10%- 40,000, 40% - 1.60 ലക്ഷം, 25%- 1 ലക്ഷം, 25%- 1 ലക്ഷം) കരാർ ചമക്കുന്ന മുറക്ക് അഡ്വാൻസ് ആയി 10% തുകയും ബേസ്മെന്റ് പൂർത്തീകരണത്തിന് ശേഷം 40% തുകയും ലിന്റിൽ മട്ടം പൂർത്തീകരിക്കുമ്പോൾ 25% തുകയും ഭവന നിർമ്മാണം പൂർത്തീകരിക്കുമ്പോൾ ബാക്കി 25% തുകയും വീതം വിതരണം ചെയ്യാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും

എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് മാർക്കും സെക്രട്ടറിമാർക്കും

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, സഹകരണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

മെംമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്,തിരുവനന്തപുരം

കമ്മീഷണർ & സെക്രട്ടറി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

എല്ലാ ജില്ലാ ആസൂത്രണ സമിതി മെംമ്പർ സെക്രട്ടറിമാർക്കും.

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസ്സോസിയേഷൻ.

ജനറൽ സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസ്സോസിയേഷൻ.

സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേംമ്പർ

സെക്രട്ടറി, ജില്ല പഞ്ചായത്ത് പ്രസിഡന്റ്മാരുടെ ചേംമ്പർ

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SHIJU P PAUL
Date: 2018.12.21 15:42:42 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പട്ടികജാതി പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പിഎയ്ക്ക്